MARIKA—KUTHATTUKULAM ROAD

46. [11] Sri. N. P. Verghese: Will the hon'ble Minister for Public Works and Communications be pleased to state.—

(*a*) whether Government are in receipt of a representation from the people of Kuthattukulam pakuthi for taking over the ryots road from Marika to 2nd mile Kuthattukulam—Ramapuram road ;

(*b*) is it a fact that the people have surrendered the site and constructed the road by public subscription ; and

(*c*) have Government taken any action on the representation ?

Chief Minister **(Sri. C. Kesavan) :**

(*a*) Yes.

(*b*) Yes.

(*c*) Yes; an estimate has been prepared and further action is being taken.

FINANCIAL BUSINESS

General Discussion on the Budget. *(cont.)*

ശ്രീ. എ. അച്യുതൻ: സർ, ഏകദേശം വരവും ചിലവും സമീകരിച്ച ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിനു ഫൈനാൻസു് മന്ത്രി അവലംബിച്ച നയത്തെക്കുറിച്ചു് ആലോചിക്കുമ്പോൾ അദ്ദേഹത്തോടു സഹതപിക്കേണ്ടിയിരിക്കുന്നു എന്നാണു എനിക്കു പറയുവാനുള്ളതു്. സർ, ഇന്നു ഈ രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണു്, അതിനു ഈ ബഡ്ജറ്റിൽ പറയുന്നതായ മാർഗ്ഗങ്ങളും ഉപാധികളും എന്തൊക്കെയാണു് എന്നു് ഒന്നു് ആലോചിക്കുക. ഇന്നു അധികാരത്തിലിരിക്കുന്ന ഗവണ്മെണ്ടു്, ഒരു കക്ഷിയുടെ ഗവണ്മെണ്ടാണു്. ആ കക്ഷിക്കു ഒരു സംഘടനയുണ്ടു്. ആ സംഘടന ഈ കക്ഷി അധികാരത്തിൽ വരുന്നതിനുമുമ്പു് എന്തെല്ലാം പ്രഖ്യാപിച്ചു; ആ പ്രഖ്യാപനമൊക്കെ ഇന്നു എങ്ങിനെ ഇരിക്കുന്നു; എന്നു് ഒന്നു് ആലോചിക്കുക. ജനങ്ങൾക്കു് ആഹാരം കൊടുക്കാം; വസ്ത്രങ്ങൾ കൊടുക്കാം, വൈദ്യസഹായം സൌജന്യമായിട്ടു കൊടുക്കാം; വീടില്ലാത്തവർക്കു വീടു് ഉണ്ടാക്കി ക്കൊടുക്കാം എന്നൊക്കെ പ്രഖ്യാപിച്ചതായിട്ടു നാം അറിയുന്നുണ്ടു്. ഇന്നു അതിന്റെ സ്ഥാനത്തു നാം എന്താണു് കാണുന്നതു്? ഇന്നു പൊതുവെ ഒരു നൈരാശ്യമല്ലെ കാണുന്നതു്? എവിടെ നോക്കിയാലും നൈരാശ്യമാണു് കാണുന്നതു്. കർഷകന്മാരുടെ ഇടയിലും, തൊഴിലാളികളുടെ ഇടയിലും, ധനികന്മാരുടെ ഇടയിലും, വിദ്യാഭ്യാസമുള്ളവരുടെ ഇടയിലും, വിദ്യാഭ്യാസം ഇല്ലാത്തവരുടെ ഇടയിലും എന്നുവേണ്ടാ എല്ലാവരുടെ ഇടയിലും സംതൃപ്തിക്കു പകരം ഒരു നൈരാശ്യമാണു കാണുന്നതു്. ഈ നൈരാശ്യത്തിനുള്ള കാരണം എന്താണു്? ഇന്നു ഈ ഗവണ്മെണ്ടിൽതന്നെ ജനങ്ങൾക്കു വിശ്വാസമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. സർ, ഈ അടുത്തകാലത്തു, ഈ ബഡ്ജറ്റ് സെഷൻ വിളിച്ചു കൂട്ടിയതിനു ശേഷം, പൊട്ടുന്നവെ അന്നു നിലവിലിരുന്ന മന്ത്രിസഭ രാജിവെച്ചതായിട്ടു കാണുന്നുണ്ടു്. ഈ രാജി വന്നതിനുള്ള കാരണം ഇന്നും അജ്ഞാതമാണു്. ആ മന്ത്രിസഭ രാജിവെച്ചതിനുള്ള കാരണം ഈ നാട്ടിലെ ജനങ്ങൾക്കു അറിയുവാൻ ആഗ്രഹമില്ലേ; അവകാശമില്ലേ? അതു പോകട്ടെ ഈ നിയമസഭക്കു അറിയുവാൻ അവകാശമില്ലേ? അതും പോകട്ടെ. അധികാരത്തിലിരിക്കുന്ന കക്ഷിയിലെ അംഗങ്ങൾക്കു അറിയുവാൻ അധികാരമില്ലെ? അവരും ഇന്നും അറിഞ്ഞിട്ടില്ലെന്നാണു് അറിയുന്നതു്. അതിൽ കൂടുതൽ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ നിയമസഭ വിളിച്ചുകൂടി; ചില നിയമങ്ങൾ പാസാക്കുവാനുള്ള ജോലി നടന്നു. അതിനുശേഷം ബഡ്ജറ്റ് അവത

LIBRARY ARCHIVES Kerala Legislative Assembly